Draft #2 of File 43850/SF 1/2/2019/SF 1 Approved by ASSISTANT REGISTRAR VI (ADMIN) on 13-Apr-2020 10:49 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവ്വകലാശാല നേരിട്ട് നടത്തിയിരുന്ന സ്വാശ്രയ സ്ഥാപനങ്ങൾ - സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ( SME ) - എംപ്ലോയീസ് പ്രൊവിഡൻറ് ഫണ്ട് - കുടിശ്ശിക അടയ്ക്കുന്നത് - സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സെൽഫ് ഫിനാൻസിങ് 1 സെക്ഷൻ**

നമ്പർ. 1800/SF 1/2020/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 17.04.2020

---

*പരാമർശം:*-1) 4.07.2019 തീയതിയിലെ അസിസ്റ്റൻറ് പി.എഫ് കമ്മീഷണറുടെ നടപടിക്രമം
2) 24.10.2019 തീയതിയിലെ കത്ത് നം. 29891/ SFI /2/2019/ SFI
3) 5.11.2019 തീയതിയിലെ അസിസ്റ്റൻറ് പി.എഫ് കമ്മീഷണറുടെ കത്ത് നം. KR/KTM/20187/Enf(1)/2019
4) 15.02.2020 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൻറെ മിനിറ്റ്സ് ഇനം നം. 136/20.01/ DDFS - 43850/2019

**<u>ഉത്തരവ്</u>**

2016-17 അദ്ധ്യയന വർഷം വരെ സർവ്വകലാശാല നേരിട്ട് നടത്തിയിരുന്ന സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷനി (SME) ലെ മുൻകാല ജീവനക്കാരായ മരിയക്കുട്ടി കുര്യൻ, സുധീഷ്. എം, നന്ദകുമാർ പി.എസ്, ആശ പീറ്റർ, യേശുദാസ് എ.ജെ, സീമ വി എന്നിവരെ മുൻകാല പ്രാബല്യത്തോടെ ഇ.പി.എഫിൽ ഉൾപ്പെടുത്തി അവരുടെ 02/1994 മുതൽ 05/2017 വരെയുള്ള കാലയളവിലെ ഇ.പി.എഫ് കോൺടിബ്യൂഷൻ ഇനത്തിലുള്ള കുടിശ്ശികയായ 11,29,440/- രൂപ അടയ്ക്കുവാൻ പരാമർശം (1) പ്രകാരം അസിസ്റ്റൻറ് പി.എഫ് കമ്മീഷണർ ആവശ്യപ്പെടുകയുണ്ടായി. കുടിശ്ശിക അടയ്ക്കുവാൻ സർവ്വകലാശാല CPAS നോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഈ ബാദ്ധ്യത CPAS നിലവിൽ വരുന്നതിന് മുമ്പ് ഉള്ളതായതിനാൽ സർവ്വകലാശാല തന്നെയാണ് അടയ്ക്കേണ്ടതെന്ന നിലപാടാണ് CPAS സ്വീകരിച്ചത്.

ഗസ്റ്റ്അദ്ധ്യാപകരായും കരാർ അദ്ധ്യാപകരായും മുൻപ് ജോലി ചെയ്തവർ വളരെ വർഷങ്ങൾക്കുശേഷം ഇ.പി.എഫ് അംഗത്വം സംബന്ധിച്ച് പരാതി ഉന്നയിച്ചാൽ ആ പരാതി നിലനിൽക്കുന്നതല്ല എന്നും, ആയതിനാൽ സ്വാശ്രയ സ്ഥാപനങ്ങളിലെ ജീവനക്കാരെ മുൻകാല പ്രാബല്യത്തോടെ ഇ.പി.എഫിൽ ഉൾപ്പെടുത്താനോ അവരുടെ കുടിശ്ശിക അടയ്ക്കാനോ കഴിയുകയില്ലെന്നുമുള്ള സർവകലാശാലാ നിലപാട് പരാമർശം (2) പ്രകാരം ഇ.പി.എഫ് അധികാരികളെ അറിയിക്കുകയുണ്ടായി. എന്നാൽ തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയ സാഹചര്യത്തിൽ ഈ തുക സ്ഥാപനത്തിൻറെ അക്കൗണ്ടിൽ നിന്നും പിടിച്ചുനൽകുവാൻ അസിസ്റ്റൻറ് പി.എഫ് കമ്മീഷണർ പരാമർശം (3) പ്രകാരം എസ്.ബി.ഐ മാനേജർക്ക് നിർദ്ദേശം നൽകുകയുണ്ടായി.

ഈ സാഹചര്യത്തിൽ, ബഹു. വൈസ് ചാൻസലറുടെ 27.11.2019 ലെ ഉത്തരവ് പ്രകാരം പ്രസ്തുത വിഷയം

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സ്റ്റാൻറിംഗ് കൗൺസലിൽ നിന്നും തേടിയ നിയമോപദേശം സഹിതം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി. 15.02.2020 ൽ കൂടിയ സിൻഡിക്കേറ്റ് പരാമർശം 4 പ്രകാരം മേൽ വിഷയത്തിൽ താഴെ പറയുന്ന തീരുമാനം കൈക്കൊള്ളുകയുണ്ടായി.

"2016-17 അദ്ധ്യയന വർഷം വരെ സർവ്വകലാശാല നേരിട്ട് നടത്തിയിരുന്ന സ്വാശ്രയ സ്ഥാപനമായ സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ (SME) യിലെ ജീവനക്കാരുടെ 02/1994 മുതൽ 05/2017 വരെയുള്ള കാലയളവിലെ ഇ.പി.എഫ് കുടിശ്ശികയായ 11,29,440/- രൂപ അടയ്ക്കുന്നതിന് തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

നജീബ് എം

അസിസ്റ്റന്റ് രജിസ്ട്രാർ 6 (ഭരണ വിഭാഗം)

പകർപ്പ്

1. വി.സി/പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ മാർ
3. ജെ.ആർ III (ഭ.വി)
4. ഡയറക്ടർ CPAS
5. എ.സി.സി സെക്ഷൻ
6. ഫിനാൻസ് ഓഡിറ്റ് IV
7. ജനറൽ ക്യാഷ് (കോട്ടയം അസിസ്റ്റൻറ് പി.എഫ് കമ്മീഷണറുടെ പേരിൽ ഡിമാൻറ് ഡ്രാഫ്റ്റ് നൽകുന്നതിന്.)
8. സ്റ്റോക്ക് ഫയൽ/റെക്കോർഡ്സ്/കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 43850/SF 1/2/2019/SF 1 Approved by ASSISTANT REGISTRAR VI (ADMIN) on 13-Apr-2020 10:49 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല , കേരളം